"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നവകേരള സദസ്സിൽ ഉയർന്നു വന്ന വികസന പദ്ധതികൾ - തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന 2 പദ്ധതികൾക്ക് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ(പി.പി) വകുപ്പ്**

സ.ഉ.(കൈ) നം.203/2025/LSGD തീയതി,തിരുവനന്തപുരം, 06-11-2025

---

പരാമർശം:-

1. 30.05.2025 ലെ സ.ഉ.(കൈ)നം.1/2025/PIE&MD.
2. 28.07.2025 ലെ സ.ഉ.(കൈ)നം.3/2025/PIE&MD.
3. 13.08.2025 ലെ സ.ഉ.(കൈ)നം.നം.144/2025/LSGD.
4. 22.09.2025 ലെ സ.ഉ.(കൈ)നം.4/2025/PIE&MD.
5. 31.10.2025 ലെ സ.ഉ.(സാധാ)നം.894/2025/WRD
6. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 03.11.2025 ൽ ചേർന്ന Administrative Sanction committee യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

നവകേരള സദസ്സിൽ ഉയർന്നു വന്ന വികസന പദ്ധതികളിൽ മലപ്പുറം ജില്ലയുടേതൊഴികെയുള്ള പദ്ധതികളുടെ അന്തിമപട്ടിക അംഗീകരിച്ചുകൊണ്ടും, പദ്ധതി നടത്തിപ്പിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചുകൊണ്ടും, അംഗീകരിച്ച പദ്ധതികൾക്ക് ഭേദഗതി നൽകുന്നതിനായി കമ്മറ്റി രൂപീകരിച്ചുകൊണ്ടും പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2. പരാമർശം (1) പ്രകാരം അംഗീകരിച്ച പട്ടികയിൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള, മലപ്പുറം ജില്ലയിലെ പദ്ധതികൾ കൂടി ഉൾപ്പെടുത്തികൊണ്ടുള്ള അന്തിമ പട്ടിക അംഗീകരിച്ച് പരമർശം (2) പ്രകാരം ഉത്തരവാവുകയും, പരാമർശം (4) പ്രകാരം 3 പ്രവൃത്തികളുടെ നിർവ്വഹണ ചുമതല തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്ന് മാറ്റിക്കൊണ്ടും, പുതിയ 3 പ്രവൃത്തികളുടെ നിർവ്വഹണ ചുമതല തദ്ദേശ സ്വയംഭരണ വകുപ്പിന് നൽകിക്കൊണ്ടും ഉത്തരവാകുകയും ചെയ്തിരുന്നു.

3. നവകേരള സദസ്സിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്ക് അംഗീകാരം നൽകുന്നതിനായി പരാമർശം (3) പ്രകാരം Administrative Sanction committee രൂപീകരിച്ച് ഉത്തരവായിരുന്നു.

4. 03.11.2025 ൽ ചേർന്ന Administrative Sanction committee തദ്ദേശ

സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്ന് എസ്റ്റിമേറ്റ് ലഭ്യമാക്കിയ 3 പദ്ധതികളിൽ താഴെ പറയുന്ന 2 പദ്ധതികൾക്ക് പരാമർശം (6) പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.

5. അതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ല, ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ മുണ്ടോർശ്ശിക്കടവ് തടയണ നിർമ്മാണം എന്ന പ്രവൃത്തി 4.34 കോടി രൂപ ചെലവിലും, പനയൂർകാവ് ചെക്ക് ഡാം നിർമ്മാണം എന്ന പ്രവൃത്തി 2.66 ചെലവിലും അക്രെഡിറ്റഡ് ഏജൻസി ആയ KEL മുഖേന നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. പദ്ധതിയുടെ നിർവ്വഹണ കാലയളവ്, നിബന്ധനകളും വ്യവസ്ഥകളും എന്നിവയ്ക്ക് പി.ഡബ്ല്യൂ.ഡി മാനുവൽ പ്രകാരമുള്ള പൊതുവായ മാനദണ്ഡങ്ങൾ ബാധകമായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ്
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.
ധനകാര്യ വകുപ്പ്
ട്രഷറി ഡയറക്ടർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള,തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
വിവര - പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Manju L S
Date: 06-11-2025 11:23:51